LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് 45 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാർ ജോലിക്ക് വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത് വർഷങ്ങളോളം കാത്തിരുന്ന് ഏജ് ഓവറായി അവർക്ക് ഒരു കാർഡുപോലും വരാതെ നീതി നിഷേധിക്കപ്പെട്ട ഒരു സാഹചര്യത്തിലാണ് ഈ സംഭവം നടന്നിരിക്കുന്നത്. ഇവിടെ നിലവിലില്ലാത്ത പൊതുമേഖലാസ്ഥാപനങ്ങളിലേയ്ക്ക് ഏതാണ്ട് 1919 തസ്തികകൾ സൃഷ്ടിക്കാൻ ക്യാബിനറ്റ് തീരുമാനമെടുത്തു. താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നിയമിക്കേണ്ടതാണ് എന്ന നിയമം നിലവിലിരിക്കെ അത്തരത്തിൽ നിയമിക്കാൻ വ്യവസ്ഥയില്ലെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഇത് സ്വന്തക്കാരെ നിയമിക്കാൻവേണ്ടിയുള്ള നടപടിയുടെ ഭാഗമായിട്ടാണ്. കേരള യൂണിവേഴ്സിറ്റിയിൽ ഏതാണ്ട് 40,000-ത്തോളം പേർ ടെസ്റ്റ് എഴുതി. പക്ഷേ അതിന്റെ ഉത്തരക്കടലാസ് പോലും കാണാതെ പോയി. ഇത്തരത്തിലുള്ള നിയമവിരുദ്ധമായ കാര്യങ്ങളാണ് ഇന്ന് നടന്നുവരുന്നത്. അതോടൊപ്പം ഈ സംവരണതത്വം പൂർണ്ണമായി ലംഘിക്കപ്പെടുകയാണ്. ഈ സഭയിൽ നിരവധി പ്രാവശ്യം സംവരണതത്വം പൂർണ്ണമായി പാലിക്കണമെന്നുള്ളത് സംബന്ധിച്ച് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇന്ന് ഈ നിയമനങ്ങളിലൊന്നുംതന്നെ സംവരണതത്വം പാലിച്ചിട്ടില്ല. സാമൂഹ്യനീതി നിഷേധിക്കപ്പെട്ട നിയമനങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിയമവിരുദ്ധമായ ഈ നിയമനം സംബന്ധിച്ച് സർക്കാരെടുത്ത തീരുമാനങ്ങൾ പുനഃപരിശോധിക്കണം. അടിയന്തിരമായി ഇന്ന് നടത്തിയിട്ടുള്ള നിയമനം നിർത്തിവച്ച് നിയമവ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ടും സംവരണതത്വം പൂർണ്ണമായി പാലിച്ചുകൊണ്ടും നിയമനം നടത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കാത്തതിലും ഈ അടിയന്തിരപ്രമേയം ചർച്ച ചെയ്യാൻ അവസരം നൽകാത്തതിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി.ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ ഹാജരായി.)

[അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

III ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാന വ്യാപകമായി വഴിയോര കച്ചവടം നടത്തുന്നവരുടെ പ്രശ്നങ്ങൾ

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ രാജ്യത്തെ വളരെ പ്രധാനപ്പെട്ട മേഖലയിലെ പാവപ്പെട്ട തൊഴിലാളികളുടെ വിഷയമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഈ സഭയുടെ മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നത്. രാജ്യത്ത് ഏറ്റവും അസംഘടിതമായിട്ടുള്ള മേഖലയിലെ പ്രധാനപ്പെട്ടൊരു തൊഴിലാളിവിഭാഗമാണ് വഴിയോരക്കച്ചവടക്കാർ. കേരളത്തിലെ വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലെ അതിർത്തികളിലുമായി രണ്ട് ലക്ഷത്തിലധികം കുടുംബങ്ങൾ വഴിയോര കച്ചവടമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തി കുടുംബജീവിതം നയിക്കുന്നവരാണ്. ഇത്രയും വലിയൊരു ജനവിഭാഗമായ വഴിയോരക്കച്ചവടക്കാരുടെ പ്രശ്നങ്ങൾ വളരെ ഗൗരവമായിട്ടുള്ളതാണ്. പലപ്പോഴും പാവപ്പെട്ട ജനവിഭാഗങ്ങൾ തെരുവോരങ്ങളിൽ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭങ്ങളിലെല്ലാം പോലീസ്, നഗരസഭ, മുനിസിപ്പാലിറ്റി എന്നിവയുടെ ഭാഗത്തുനിന്നും വളരെ ഏകപക്ഷീയമായ

ഇടപെടലുകൾ ഉണ്ടാകുന്നത് സർവ്വസാധാരണമായ കാര്യമാണ്. വഴിയോര കച്ചവടക്കാരെ പലപ്പോഴും നമ്മൾ പൊതുശല്യക്കാരായിട്ടാണ് കാണുന്നത്. റോഡുകളുടെ കുടിയേറ്റക്കാരായി കണ്ടുകൊണ്ടാണ് പലപ്പോഴും ഇവർക്കെതിരെ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു മുന്നറിയിപ്പോ പുനരധിവാസ പ്രക്രിയയോ ഒരുക്കാതെ ഇവരെ കുടിയൊഴിപ്പിക്കുകയോ ഇവരുടെ സാധനസാമഗ്രികൾ നശിപ്പിക്കുകയോ ചെയ്യുന്ന സംഭവങ്ങൾ പല സന്ദർഭങ്ങളിലും നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്ത് നഗരവൽക്കരണം വർദ്ധിക്കുന്നതിന്റെ തോതനുസരിച്ച് ഈ മേഖലയിലേയ്ക്കുള്ള ആളുകളുടെ കടന്നുകയറ്റം വളർന്നുകൊണ്ടിരിക്കുകയാണ്. ഇതിന് പ്രധാനപ്പെട്ട കാരണം ഗ്രാമപ്രദേശങ്ങളിലെ തൊഴിൽ നഷ്ടവും ഗ്രാമീണ തൊഴിൽമേഖലയുടെ തകർച്ചയും കാർഷികമേഖലയുടെ തകർച്ചയുമാണ്. നഗരങ്ങളിലേയ്ക്ക് ചേക്കേറേണ്ടിവരുന്ന പാവപ്പെട്ട ജനവിഭാഗമാണ് പലപ്പോഴും വഴിയോരക്കച്ചവടക്കാരായി മാറുന്നത്. ദേശീയ ജനസംഖ്യയിൽത്തന്നെ രണ്ടരശതമാനത്തിലധികം വരുന്ന ജനങ്ങൾ തെരുവുകച്ചവടം നടത്തി ഉപജീവനം നടത്തിക്കൊണ്ടിരിക്കുന്നവരാണ്. കുറഞ്ഞ വിദ്യാഭ്യാസവും ദാരിദ്ര്യവുമൊക്കെയുള്ള സമൂഹത്തിലെ ഏറ്റവും അടിത്തട്ടിൽക്കിടക്കുന്ന പാവപ്പെട്ട ജനവിഭാഗമാണ് വഴിയോരക്കച്ചവടക്കാർ. വിൽപ്പനയ്ക്ക് സഹായിക്കുന്ന തരത്തിൽ നിർമ്മിക്കപ്പെട്ടതും സ്ഥിരമായുള്ള ഒരു കച്ചവടസ്ഥാപനവുമല്ലാതെ ദിവസം മുഴുവനോ പകൽ ചില നേരങ്ങളിലോ രാത്രിയിലോ ഒരു നിശ്ചിത സ്ഥലത്ത്, വഴിയോരത്തുനിന്ന്, പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമായ സാധനങ്ങളോ വസ്തുക്കളോ വിൽക്കുന്നവരേയും സേവനങ്ങൾ ചെയ്യുന്നവരേയുമാണ് നമ്മൾ പൊതുവേ വഴിയോരക്കച്ചവടക്കാർ എന്ന് പറയുന്നത്. എന്നാൽ തങ്ങളുടെ വിൽപ്പന സാധനങ്ങൾ ഉന്തുവണ്ടിയിലോ സൈക്കിളിലോ കുട്ടയിലോ തലയിലോ ചുമന്നുകൊണ്ടുനടക്കുന്ന വിൽപ്പനക്കാരെ ഹാക്കേഴ്സ് എന്നും പറയാറുണ്ട്. സംസ്ഥാനത്ത് ചെറുതും വലുതുമായ നഗരപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലുമെല്ലാംതന്നെ ഒരു വിഭാഗം ജനങ്ങൾ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. ബങ്കുകൾ, പെട്ടിക്കടകൾ, തട്ടുകടകൾ, ഉന്തുവണ്ടികൾ, സൈക്കിളുകൾ എന്നിവ ഉപയോഗിച്ച് കച്ചവടം നടത്തുന്നവരും ചായ, ലഘുഭക്ഷണങ്ങൾ, റെഡിമെയ്ഡ് സാധനങ്ങൾ, സ്റ്റേഷനറികൾ, പച്ചക്കറികൾ, പഴങ്ങൾ, പാവകൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയ സാധനങ്ങൾ കുട്ടയിലും വട്ടിയിലും തലച്ചുമടായും കൊണ്ടുനടന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ വിൽക്കുന്നവരും ചെരുപ്പുനന്നാക്കുന്നവർ, കുട നന്നാക്കുന്നവർ തുടങ്ങി വിവിധ തരത്തിലുള്ള കച്ചവടം നടത്തുന്നവരും ജനങ്ങൾക്ക് സേവനം കൊടുക്കുന്നവരാണ്. ജനങ്ങൾക്ക് ഏറ്റവും ചുരുങ്ങിയ ചെലവിൽ സാധനങ്ങൾ കൊടുക്കുകയും സേവനം ചെയ്യുന്നവരുമായ ആളുകൾ കൂടിയാണ് അവർ. നഗരത്തിന്റെ വികസനത്തിന് പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒരു വിഭാഗമാണ് വഴിയോരക്കച്ചവടക്കാർ. ഇതുമായി ബന്ധപ്പെട്ട് അവർ സുപ്രീംകോടതിയിൽ സമീപിച്ചപ്പോൾ 2010 ഒക്ടോബർ മാസം 8-ന് Ketharam Vs Municipal Corporation of India, Delhi കേസ്സിൽ അതാത് സംസ്ഥാന ഗവൺമെന്റുകൾ 2011 ജൂൺ മാസം 30-ന് മുമ്പായി വഴിയോരക്കച്ചവടവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണവും നയവും രൂപീകരിക്കണമെന്ന് പറയുകയുണ്ടായി. അതനുസരിച്ച് 2004-ലും 2009-ലും കേന്ദ്രഗവൺമെന്റ് ഒരു നയം രൂപീകരിച്ച് സംസ്ഥാനങ്ങളോട് നടപ്പാക്കാൻ ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനത്ത് Ine എന്ന സ്ഥാപനം ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു നയരൂപീകരണത്തിന്റെ പാതയിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഭരണഘടനയിൽത്തന്നെ ഇത്തരം തൊഴിലിൽ ഏർപ്പെടുന്നവരുടെ അവകാശം പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനയുടെ 19(1) ജി വകുപ്പനുസരിച്ച് ഏതൊരു പൗരനും തൊഴിലോ കച്ചവടമോ ചെയ്ത് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നത് മൗലികാവകാശമായി

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് സുപ്രീംകോടതി തന്നെ പറയുന്നു ഇൻഡ്യൻ ഭരണഘടന ഓരോ പൗരനും ഏതൊരു തൊഴിലിലും കച്ചവടത്തിലും ഏർപ്പെടുന്നതിനുള്ള അവകാശം ഉറപ്പാക്കിക്കൊടുക്കുന്നു എന്ന്. ആർട്ടിക്കിൾ 19(1) ശരിയായ രീതിയിൽ നിയന്ത്രണ വിധേയമാക്കിയാൽ പൊതുനിരത്ത് യാത്രികർക്ക് മാത്രമാണ് എന്ന ഒറ്റക്കാരണത്താൽ വഴിയോര കച്ചവടക്കാർക്ക് നിഷേധിക്കാൻ കഴിയില്ല. വഴിയോര കച്ചവടക്കാരായ വലിയ വിഭാഗത്തിന്റെ പ്രശ്നം ഉപജീവന മാർഗ്ഗം മാത്രമല്ല. ഈ മേഖലയിലുള്ള ആളുകളെ നാം ആട്ടിയകറ്റുകയോ അവരുടെ തൊഴിൽ നിഷേധിക്കുകയോ ചെയ്താൽ സംഭവിക്കാൻപോകുന്നത് രണ്ട് രണ്ടര ലക്ഷത്തോളം വരുന്ന കുടുംബങ്ങൾ വഴിയാധാരമാകുന്നു എന്നുമാത്രമല്ല അവർ പലപ്പോഴും നിയമവിരുദ്ധ പ്രവർത്തനങ്ങളിലേയ്ക്കും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിലേയ്ക്കും പോകും എന്ന പ്രശ്നം കൂടി ഉണ്ട്. അതുകൊണ്ട് വളരെ ഗൗരവമായി ഗവൺമെന്റ് ഇതിന് ഒരു പൊതു നയം പ്രഖ്യാപിച്ചുകൊണ്ട് നിയമത്തിന് വിധേയമായി ഇവരെ പുനരധിവസിപ്പിക്കുന്നതിനും കച്ചവടം ചെയ്യുന്നതിനും ജനങ്ങൾക്ക് അവരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ജീവിക്കാൻ കഴിയുന്നതിനും അവസരമുണ്ടാക്കണം. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയിലുള്ള ഈ നയം അടിയന്തരമായി പ്രഖ്യാപിക്കാൻ സന്നദ്ധമാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ മുൻപാകെ അവതരിപ്പിക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സംസ്ഥാനത്ത് വഴിയോരങ്ങളിൽ കച്ചവടം നടത്തി ഉപജീവനം കഴിക്കുന്ന ലക്ഷക്കണക്കിന് ആളുകൾ ഉണ്ട്. വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ ഇവർ അഭിമുഖീകരിക്കുന്നുണ്ട്. ഈ മേഖലയിൽ പ്രവർത്തിയെടുക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സൗകര്യപ്രദമായി പുനരധിവസിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നുണ്ട്. എന്നാൽ സ്ഥലത്തിന്റെ ദൗർലഭ്യവും നിരത്തുകളിൽ അനുദിനം വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെയും കാൽ നടക്കാരുടെയും തിരക്കും കാരണം ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് കഴിയാതെ വന്നു. വഴിയോരത്ത് നടക്കുന്ന കച്ചവടം സൃഷ്ടിക്കുന്ന പ്രശ്നങ്ങളും കാൽനടയാത്ര ക്കാർക്കുള്ള ബുദ്ധിമുട്ടും ഗതാഗതക്കുരുക്കും ക്രമസമാധാന പ്രശ്നവുമെല്ലാം ഇതിന്റെ ഭാഗമായി ഉണ്ടാകാറുണ്ട്. പ്രശ്നങ്ങളെ അതിന്റെ സമഗ്രതയിൽ പരിശോധിച്ചുകൊണ്ടുമാത്രമേ നടപടി സ്വീകരിക്കാനാകൂ. വഴിയോര കച്ചവടമേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംഘടനാ പ്രതിനിധികളുമായി 14-2-2011-ൽ ചർച്ച നടത്തിയിട്ടുണ്ട്. ദേശീയ നയത്തിന് അനുസൃതമായി സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് ഇണങ്ങുന്ന നയം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇത്തരമൊരു നയത്തിന്റെ കരട് തയ്യാറാക്കുന്നതിന് സംസ്ഥാനത്ത് കുടുംബശ്രീയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വഴിയോര കച്ചവടക്കാരുമായി ബന്ധപ്പെട്ട നയത്തിന്റെ കരട് രൂപമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിലുള്ളവരുമായി ഇന്ന് 17-2-2011-ന് വിശദമായ ചർച്ച നടക്കുന്നുണ്ട്. ചർച്ചയിൽ ഉണ്ടാകുന്ന പ്രയോഗികമായ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് അന്തിമ നയത്തിന് രൂപം നൽകുന്നതാണ്.

ശ്രീ. വി.എസ്. സുനിൽ കുമാർ: അന്തിമമായ നയത്തിലേയ്ക്ക് സംസ്ഥാന ഗവൺമെന്റ് വരുമെന്ന് അങ്ങ് പറയുകയുണ്ടായി. ഏതായാലും ഈ മേഖലയിൽ ജോലി എടുത്തുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ് അനുകൂലമായ നിലപാടിലേയ്ക്ക് പോകുന്നുവെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

സ്വാഗതാർഹമാണ്. നഗരങ്ങളിലും പട്ടണ പ്രദേശങ്ങളിലുമൊക്കെ പലപ്പോഴും ഈ വിഭാഗത്തിലെ ആളുകളെ കുടിയൊഴിപ്പിക്കുകയും സാധനങ്ങൾ നശിപ്പിക്കുകയുമൊക്കെ ചെയ്യുന്ന പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. പല രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും പ്രത്യേക മേഖലകൾ തിരിച്ച് കച്ചവടം നടത്താനും അവരുടെ ഉപജീവനം നടത്താനുമുള്ള സൗകര്യം ഏർപ്പെടുത്തി കൊടുക്കുന്നുണ്ട്. സംസ്ഥാനത്ത് ഈ നയം വരാൻപോകുന്ന സന്ദർഭത്തിൽ അത്തരം ഒരു നിർദ്ദേശം കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി തയ്യാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അത് സംബന്ധിച്ചുള്ള നയമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അടിയന്തിരമായി അടുത്ത ദിവസം തന്നെ അത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതായിരിക്കും.

(2) ബി.പി.എൽ. ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പുതുതായി നൽകിയ റേഷൻ കാർഡുകളിൽ അത് സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി നൽകാത്തതുകാരണം ബി.പി.എൽ. കുടുംബങ്ങൾക്കുള്ള കേന്ദ്ര സംസ്ഥാന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് പുതിയ ബി.പി.എൽ. പട്ടിക സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. 2002-ലെ ബി.പി.എൽ. സെൻസസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ മൂന്ന് സർവ്വേകൾക്ക് ശേഷമാണ് ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. നിരവധി കാത്തിരുപ്പുകൾക്ക് ശേഷമാണ് ഇത്തരമൊരു പട്ടിക പ്രസിദ്ധികരിച്ചത്. ഗ്രാമ പ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലെയും കുടുംബങ്ങളെ ഉൾപ്പെടുത്തി 76,12,343 കുടുംബങ്ങളിൽ സർവ്വേ നടത്തിയാണ് ബി.പി.എൽ. പട്ടിക പുറത്തിറക്കിയത്. ഈ ലിസ്റ്റിൽ 32,29,823 കുടുംബങ്ങൾ ബി.പി.എൽ. -കാരാണ്. അതായത് 42.41 ശതമാനം. നിലവിലുണ്ടായിരുന്ന ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം 17,23,556 ആയിരുന്നു. ഇത് മുപ്പത് ശതമാനം മാത്രമാണ്. അതായത് പുതുതായി പുറത്തിറക്കിയ ബി.പി.എൽ. പട്ടികയിൽ കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് 15,06,267 കുടുംബങ്ങൾ അധികമായി ഉൾപ്പെട്ടിട്ടുണ്ട്. 8.2 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. ജില്ലാതലത്തിലുള്ള കണക്കുകൾ ഇവിടെയുണ്ട്. കഴിഞ്ഞ ദിവസം സഭയിൽ ഇത് സംബന്ധിച്ച എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി തന്ന മറുപടി പ്രകാരം 1999-2000-ൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ തിട്ടപ്പെടുത്തിയ കണക്ക് അനുസരിച്ച് കേരളത്തിൽ 10.2 ലക്ഷം കുടുംബങ്ങളാണ് ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ പ്രത്യേക സാഹചര്യംകൂടി കണക്കിലെടുത്ത് പുതുക്കിയ ലിസ്റ്റിൽ 22,04,823 കുടുംബങ്ങൾകൂടി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന വിവിധ ആനുകൂല്യങ്ങൾ പുതുതായി ലിസ്റ്റിലുൾപ്പെട്ട ആളുകൾക്ക് അവരുടെ കാർഡുകൾ നൽകാത്തതുകൊണ്ട് നഷ്ടപ്പെടുന്നു. റേഷൻ കാർഡുകൾ വിതരണം ചെയ്യുമ്പോൾ ഇനിയുള്ള ബി.പി.എൽ കുടുംബങ്ങൾക്ക് പുതിയ ബി.പി.എൽ. കാർഡ് നൽകുന്നതിനും അതുപോലെ വിതരണം ചെയ്ത കാർഡുകളിൽ ബി.പി.എൽ. ആണെങ്കിൽ അത് സംബന്ധിച്ച് എൻഡോഴ്സ്മെന്റും നടത്തണം. സ്റ്റേറ്റിന്റെ ലിസ്റ്റിലുള്ളതാണെങ്കിൽ സ്റ്റേറ്റ് ലിസ്റ്റിലുള്ള ബി.പി.എൽ. എന്ന

LIBRARY ARCHIVES Kerala Legislative Assembly